# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.228 | 08.02.2016 -ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന സമയത്ത് ധനസഹായം നൽകുന്ന സമാശ്വാസ പദ്ധതി പ്രകാരമുള്ളതാകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനസഹായം യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസക്കാലയളവായ മേയ്, ജൂൺ, ജൂലായ് മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലായ്, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലുമാണ് തുക വിതരണം ചെയ്യുന്നത്.<br>2015–16 വർഷത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ഗുണഭോക്തൃ വിഹിതമായ 900/- രൂപ മേയ് മാസത്തിലും ഗവൺമെന്റ് വിഹിതം ഒന്നാം ഗഡു തുകയായ 900/- രൂപ ജൂൺ മാസത്തിലും രണ്ടാംഗഡു തുകയായ 900/- രൂപ സെപ്തംബർ മാസത്തിലും വിതരണം ചെയ്തിട്ടുണ്ട്. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ജൂലായ് മാസത്തിൽ നൽകേണ്ടതായ അവസാന ഗഡു നൽകുന്നതിന് ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 8.82 കോടി രൂപ അനുവദിക്കുകയും ആയത് സെപ്തംബർ മാസം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷനായി തുക ലഭിച്ചത് 2015 ആഗസ്റ്റ് 24ന് ആയതിനാലാണ് ജൂലായ് മാസം വിതരണം ചെയ്യേണ്ട തുക സെപ്തംബർ ആദ്യവാരം വിതരണം ചെയ്യേണ്ടി വന്നത്.<br>ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗുണഭോക്തൃ വിഹിതമായ 900/- രൂപ ആഗസ്റ്റ് മാസത്തിലും ഗവൺമെന്റ് വിഹിതം ഒന്നും രണ്ടും ഗഡുക്കൾ സെപ്തംബർ മാസത്തിലും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമനിധി പെൻഷൻ കുടിശ്ശിക എത്രയാണ്; ഈ ക്ഷേമനിധി പെൻഷൻ യഥാസമയം വിതരണം ചെയ്യാൻ കഴിയാത്തതിന് എന്താണ് കാരണമെന്ന് അറിയിക്കുമോ; | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്ന മത്സ്യത്തൊഴിലാളി പെൻഷൻ, മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കുള്ള വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ എന്നിവ 2015 ഡിസംബർ മാസം വരെ വിതരണം ചെയ്തിട്ടുണ്ട്. 2016 ജനുവരി മാസത്തെ പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് ഒരു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ സഹായം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്താണ് കാരണം; | (സി) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽക്കൃത ബോട്ടിലെ തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ, ഹാർബറുകളിലെ തൊഴിലാളികൾ എന്നിവർക്ക് ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യറേഷൻ വിതരണം ചെയ്യുന്നു ണ്ട്.<br>ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ഒരു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |
| (ഡി) | മേൽ പരാമർശിച്ചതുൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികൾക്കുള്ള എല്ലാ പദ്ധതികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ? | (ഡി) | എല്ലാ ക്ഷേമപദ്ധതികളും കാലതാമസം കൂടാതെ, ധനസഹായം അർഹരായവരുടെ കൈകളിൽ എത്തിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമപദ്ധതികളായ പെൻഷൻ, സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ എന്നിവയുടെ ആനുകൂല്യം ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ (DBT) മുഖാന്തിരമാണ് ഗുണഭോക്താ ക്കൾക്ക് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ